പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ. 592 10.07.2012 ൽ മറുപടിയ്ക്ക്

## പാലിയേറ്റീവ് കെയർ യൂണിറ്റുകൾ

**ചോദ്യം**

ശ്രീ. ഹൈബി ഈഡൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, വർക്കല കഹാർ

,, സണ്ണി ജോസഫ്

**ഉത്തരം**

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പഞ്ചായത്തുകളിൽ പാലിയേറ്റീവ് കെയർ സംവിധാനം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കി വരുന്ന വയോമിത്രം പദ്ധതിയിൽ പാലിയേറ്റീവ് കെയർ സംവിധാനം നിലവിലുണ്ട്. സംസ്ഥാനത്തെ നഗരപ്രദേശങ്ങൾ മാത്രം കേന്ദ്രീകരിച്ച് നടപ്പാക്കാനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനാൽ പാലിയേറ്റീവ് കെയർ സംവിധാനം സംസ്ഥാനത്തെ പഞ്ചായത്ത് പ്രദേശങ്ങളിൽ നടപ്പാക്കുന്ന കാര്യം തത്കാലം പരിഗണനയിലില്ല. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യവും പ്രവർത്തനരീതിയും സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) | ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സും, ഒരു സ്റ്റാഫ് നഴ്സും അടങ്ങിയ ടീം വീടുകളിൽ ചെന്ന് കിടപ്പിലായ രോഗികളുടെ ഫീഡിംഗ് ട്യൂബ് മാറ്റൽ, യൂറിനറി കത്തീറ്റർ മാറ്റൽ, മുറിവുകൾ ഡ്രസ്സ് ചെയ്യൽ മുതലായ സേവനങ്ങൾ നൽകുകയും അവർക്ക് ആവശ്യമായ കൗൺസിലിംഗ് നൽകുകയും ചെയ്യുന്ന സേവനം മാത്രമാണ് പാലിയേറ്റീവ് കെയർ സംവിധാനത്തിലൂടെ ലഭ്യമായിട്ടുള്ളത് . |
| സി | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | കോർപ്പറേഷൻ / മുനിസിപ്പാലിറ്റികളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

R. Vijayesh

സെക്ഷൻ ഓഫീസർ